ബസ് കയറി ചതഞ്ഞ കാൽ മുറിച്ചു നീക്കി

തൃശൂർ: കാഞ്ഞാണിയിൽ ബസ് കയറി ഇരുകാലുകൾക്കും ഗുരുതര പരിക്കേറ്റ് തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന മധ്യവയസ്കന്റെ കാൽ മുറിച്ച് മാറ്റി. അന്തിക്കാട് വന്നേരിമുക്ക് സ്വദേശി പട്ടാട്ട് അബ്ദുൾ ഖാദർ മകൻ ഷാഹുൽ ഹമീദിന്റെ വലത് കാലാണ് മുട്ടിന് താഴെ മുറിച്ച് മാറ്റിയത്. റോഡിലൂടെ നടന്നു പോകുന്നതിനിടെ ചൊവ്വാഴ്ച ഉച്ച തിരിഞ്ഞായിരുന്നു അപകടം. തൃശൂർ - പാലാഴി റൂട്ടിലോടുന്ന കിരൺ എന്ന ബസാണ് ഷാഹുൽ ഹമീദിനെ ഇടിച്ചത്. മറ്റൊരു ബസിന് സൈഡ് കൊടുക്കുന്നതിനിടയിൽ ഇടിച്ചതിനെ തുടർന്ന് ഇയാൾ ബസിനടിയിലേക്ക് വീഴുകയും ഇരുകാലുകളിലൂടെ ചക്രം കയറിയിറങ്ങുകയുമായിരുന്നു.

ചേംബർ വുമൺസ് വിങ് കൺസ്യൂമർ ഫെയർ

തൃശൂർ: ചേംബർ ഓഫ് കോമേഴ്സ് വുമൺസ് വിങ് 27, 28 തിയതികളിൽ പുഴയ്ക്കൽ ശോഭാ സിറ്റി മാളിൽ ഗ്രാന്റ്ഷോപ്പിങ് ഫെസ്റ്റിവൽ-കൺസ്യൂമർ ഫെയർ സംഘടിപ്പിക്കും. 27ന് രാവിലെ 11ന് കല്യാൺ സിൽക്സ് ചെയർമാനും എംഡിയുമായ ടി.എസ്.പട്ടാഭിരാമൻ ഉദ്ഘാടനം ചെയ്യും. ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ്പി.കെ.ജലീൽ അധ്യക്ഷത വഹിക്കും. കല്യാൺ സിൽക്സ്, പുളിമൂട്ടിൽ സിൽക്സ്, കല്യാൺ ഡെവലപ്പേഴ്സ്, എലൈറ്റ് സൂപ്പർമാർക്കറ്റ് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മേള നടത്തുന്നത്. ബൗട്ടിക്, ഗൃഹോപകരണങ്ങൾ, സാരി-കുർത്ത-വെസ്റ്റേൺ വസ്ത്രങ്ങൾ, കോസ്മെറ്റിക്സ്, ആയുർവ്വേദ ഉൽപ്പന്നങ്ങൾ, ഹോം മെയ്ഡ് ഫുഡ്സ്, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയുടെ സ്റ്റാളുകൾ ഉണ്ടായിരിക്കും. വാർത്താസമ്മേളനത്തിൽ ഭാരവാഹികളായ നിർമ്മല മുരളീധരൻ, റൂബി ജോൺ, ജെയിൻ മിൽട്ടൺ, ജിസ്മി സുധീർ, നിമിഷ സന്ദീപ് എന്നിവർ പങ്കെടുത്തു.

പാലപ്പള്ളി എസ്റ്റേറ്റിൽ കാട്ടാനക്കൂട്ടം ഇറങ്ങി

തൃശൂർ : പുതുക്കാട് പാലപ്പള്ളി എസ്റ്റേറ്റിൽ വീണ്ടും കാട്ടാനക്കൂട്ടം ഇറങ്ങി. 25ലേറെ ആനക്കൂട്ടമാണ് റബർ തോട്ടത്തിൽ നിലഉറപ്പിച്ചിരിക്കുന്നത്. കാട്ടാനക്കൂട്ടം നില ഉറപ്പിച്ചതോടെ തൊഴിലാളികൾക്ക് ജോലിക്കിറങ്ങാൻ ആയിട്ടില്ല. റബർ തോട്ടത്തിലാണ് ആനക്കൂട്ടം നിലയുറപ്പിച്ചിരിക്കുന്നത്. ജനവാസ മേഖലയിൽ ആനക്കൂട്ടം ഇറങ്ങിയ വിവരം വനം വകുപ്പിനെ അറിയിച്ചു. എന്നാൽ വിവരം അറിഞ്ഞിട്ടും വനം വകുപ്പ് ഉദ്യോഗസ്ഥർ എത്തിയില്ലെന്ന് നാട്ടുകാർ പറയുന്നു. ആനക്കൂട്ടം ഉള്ള സ്ഥലത്തേക്ക് പോകേണ്ടെന്നാണ് വനം വകുപ്പിന്റെ മുന്നറിയിപ്പ്. കഴിഞ്ഞ രണ്ട് ദിവസമായി ഈ മേഖലയിൽ തുടർച്ചയായി കാട്ടാന കൂട്ടം ഇറങ്ങുന്നുണ്ട്.

നീറ്റിലിറങ്ങാൻ തയ്യാറെടുത്ത് 'ചേരമാൻ പെരുമാൾ'

കൊടുങ്ങല്ലൂർ: മുസിരിസിന്റെ കായലോളങ്ങൾക്ക് പ്രൗഡിയേകാൻ ഇനി `ചേരമാൻ പെരുമാളും'. മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ജലാശയ ടൂറിസം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചാണ് പെരുമാൾ നീറ്റിലിറങ്ങുക. 27ന് രാവിലെ 9.30 ന് കോട്ടപ്പുറം വാട്ടർ ഫ്രണ്ട് പരിസരത്ത് നടക്കുന്ന ബോട്ട് ലോഞ്ചിങ് അഡ്വ.വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും.

കേരള ഷിപ്പിങ് ആന്റ് ഇൻലാന്റ് നാവിഗേഷൻ നിർമ്മിച്ചു നൽകിയ മൂന്ന് ബോട്ടുകളിൽ രണ്ടാമത്തെ ബോട്ടാണ് ചേരമാൻ പെരുമാൾ. അത്യാധുനിക സംവിധാനങ്ങളോടെയുള്ള 24 സീറ്റിന്റെ ബോട്ടാണിത്. മൂന്ന് ബോട്ടുകൾക്കായി 3.13 കോടി രൂപയാണ് ചെലവഴിക്കുന്നത്. മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി പുതിയ ജലാശയ ടൂർ പാക്കേജുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായാണ് വിവിധയിനം ബോട്ടുകൾ നീറ്റിലിറക്കുന്നത്. ഉൾനാടൻ ജലഗതാഗതത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്തുന്നതിനും വില്ലേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള വിവിധ തരത്തിലുള്ളതായിരിക്കും ജലാശയ ടൂർ പാക്കേജുകളെന്ന് മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ ഡോ. കെ മനോജ് കുമാർ പറഞ്ഞു.

കൊടുങ്ങല്ലൂർ നഗരസഭ ചെയർപേഴ്സൺ എം യു ഷിനിജ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വൈസ് ചെയർമാൻ കെ ആർ ജൈത്രൻ, നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ എൽസി പോൾ, കെ എസ് കൈസാബ്, ലത ഉണ്ണികൃഷ്ണൻ, ഷീല പണിക്കശേരി, ഒ എൻ ജയദേവൻ, കൗൺസിലർമാരായ വി എം ജോണി, ഫ്രാൻസിസ് ബേക്കൺ, മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ ഡോ. കെ മനോജ് കുമാർ, മാർക്കറ്റിങ് മാനേജർ ഇബ്രാഹിം സബിൻ എന്നിവർ പങ്കെടുക്കും.

പീലി വിടർത്തി മയിലുകൾ വീട്ടുമുറ്റങ്ങളിൽ; കാലാവസ്ഥാ വ്യതിയാനമെന്ന് ഗവേഷകർ

തൃശൂർ: കാക്കയ്ക്കും കുയിലിനുമൊപ്പം മയിലുകൾ വീട്ടുമുറ്റത്തേക്കെത്തുന്നത് നിത്യക്കാഴ്ചയാകുന്നു. ജില്ലയിൽ നാട്ടിൻപുറങ്ങളിലെ വീടുകളുടെ മുറ്റത്തും പുരയിടങ്ങളിലും മയിലുകൾ ദിവസവും വിരുന്നിനെത്തുന്നുണ്ട്. പകൽ സമയങ്ങളിൽ മയിലുകൾ റോഡുകളിൽ നടക്കുന്നത് പതിവായിരിക്കുകയാണ്. പലഭാഗങ്ങളിലും മതിലുകളിലും ടെറസിന് മുകളിലും ഇരിക്കുന്ന മയിലുകൾ ആളുകളെ കാണുമ്പോൾ പറന്ന്പോകും. ജില്ലയിലെ വനമേഖലകളിൽ മയിലുകൾ വ്യാപകമാണെങ്കിലും അടുത്തിടെയാണ് ഇവ കാടിറങ്ങി വീടുകളിലേക്കെത്തി തുടങ്ങിയത്. പലയിടങ്ങളിലും മയിലുകൾ കൂട്ടത്തോടെ നടക്കുന്നത് കാണാമെന്ന് നാട്ടുകാർ പറയുന്നു.

വരണ്ട പ്രദേശങ്ങൾ ഇഷ്ടപ്പെടുന്ന പക്ഷിയാണ് മയിൽ. കേരളത്തിലെ കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് ഇവ വീടുകളിലെത്താൻ കാരണമെന്ന് ഈ മേഖലയിലെ വിദഗ്ധർ പറയുന്നു. മയിലിന്റെ ജനസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള വരവ് വരൾച്ചയുടെയും ഭാവിയിലെ കാലാവസ്ഥാ മാറ്റത്തിന്റെയും സൂചനയാണ്. കാട്ടിൽ തീറ്റ കുറഞ്ഞതും വന്യമൃഗങ്ങളുടെ ശല്യവുമാണ് മയിലുകൾ നാട്ടിലേക്ക് ഇറങ്ങാൻ കാരണമെന്ന് പക്ഷി നിരീക്ഷകരും ശാസ്ത്രജ്ഞരും ചൂണ്ടിക്കാട്ടുന്നു. വേനൽ സീസണിൽ എത്തിയ ഇവ കാലവർഷത്തോടെ സാധാരണ നിലയിൽ കാട്ടിലേക്കു മടങ്ങാറാണ് പതിവ്. എന്നാൽ മഴയെത്തിയിട്ടും നാട്ടിൻപുറങ്ങളിൽ മയിലുകളുടെ സാന്നിധ്യമുണ്ട്.

പകൽ യാത്ര: ഡി-റിസർവ്ഡ് കോച്ചുകൾ പുനഃസ്ഥാപിച്ചു

തൃശൂർ: മുൻകൂർ റിസർവേഷൻ ആവശ്യമില്ലാത്ത പകൽ യാത്രയ്ക്ക് ചില ട്രെയിനുകളിൽ ഡി-റിസർവ്ഡ് കോച്ചുകൾ പുനഃസ്ഥാപിച്ചു. തത്സമയം കൗണ്ടറിൽനിന്നും വാങ്ങുന്ന ഡി-റിസർവ്ഡ് സ്ലീപ്പർ ക്ലാസ് ടിക്കറ്റോ, സീസൺ ടിക്കറ്റോ ഉപയോഗിച്ച് ഈ കോച്ചുകളിൽ അനുവദിച്ച മേഖലകളിൽ മാത്രം യാത്ര ചെയ്യാവുന്നതാണ്. ഇതനുസരിച്ച് കന്യാകുമാരി മുതൽ പാലക്കാട് വരെ 16525 കന്യാകുമാരി - ബംഗ്ളൂരു എക്സ്പ്രസിലെ S7 കോച്ചിൽ ആഗസ്റ്റ് 7 മുതലും 16382 കന്യാകുമാരി - പൂന എക്സ്പ്രസിലെ S6 കോച്ചിൽ ഒക്ടോബർ 15 മുതലും ആലപ്പുഴ മുതൽ പാലക്കാട് വരെ 22640 ആലപ്പുഴ - ചെന്നൈ എക്സ്പ്രസിലെ S7 കോച്ചിൽ ഒക്ടോബർ 16 മുതലും യാത്ര ചെയ്യാം. തൃശൂർ മുതൽ ആലപ്പുഴ വരെ 22639 ചെന്നൈ - ആലപ്പുഴ എക്സ്പ്രസിലെ എസ്12 കോച്ചിൽ ഒക്ടോബർ 22 മുതലും തിരുവനന്തപുരം മുതൽ കോയമ്പത്തൂർ വരെ 17229 തിരുവനന്തപുരം - സെക്കന്തരാബാദ് എക്സ്പ്രസിലെ എസ്11 ആന്റ് എസ്12 കോച്ചുകളിൽ ഒക്ടോബർ 14 മുതലും ഡി-റിസർവഡ് സ്ലീപ്പർ ക്ലാസ് ടിക്കറ്റോ, സീസൺ ടിക്കറ്റോ ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

സാക്ഷാത്കാരമേകി ധൻഫിൻ സമൂഹ വിവാഹം നടത്തി

തൃശൂർ: ആദി ധനലക്ഷ്മി ഫൗണ്ടേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പ്പോൺസിബിലിറ്റിയുടെ ഭാഗമായി ധൻഫിൻ മാംഗല്യത്തിലൂടെ 25 പേരുടെ വിവാഹമെന്ന സ്വപ്നത്തിന് സാക്ഷാത്കരമേകി. തേക്കിൻകാട് മൈതാനത്ത് ധൻഫിൻ മാംഗല്യം എന്ന പേരിൽ 25 പേരുടെ സമൂഹവിവാഹം നടത്തിയത്. ഏകദേശം 5000 ത്തോളം ആളുകൾ പങ്കെടുത്ത ചടങ്ങിൽ മേയർ എം.കെ.വർഗീസ് അധ്യക്ഷത വഹിച്ചു. പി. ബാലചന്ദ്രൻ എംഎൽഎ, തൃശൂർ എഡിഎം. റെജി പി. ജോസഫ്, ഗണേശോത്സവ ട്രസ്റ്റ് ചെയർമാൻ എം.എസ്. ഭുവനചന്ദ്രൻ, ഭാഗവത ആചാര്യൻ പള്ളിക്കൽ സുനിൽ, കൗൺസിലർ പൂർണിമ സുരേഷ്, കല്യാൺ സിൽക്സ് സിഎംഡി ടി.എസ്. പട്ടാഭിരാമൻ തുടങ്ങിയവർ പങ്കെടുത്തു. ധനലക്ഷ്മി ചെയർമാൻ ആൻഡ് എംഡി ഡോ. വിപിൻദാസ് കടങ്ങോട്ട്, എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റ് സിഒ ശ്യാം ദേവ്, എക്സിക്യൂട്ടീവ് ഡയറക്ടർ സമേഷ്കുമാർ, ഡയറക്ടർ സുരജ് കെ.ബി., അനിൽ ചന്ദ്രൻ തുടങ്ങിയവരുടെയും ഷെയർ ഹോൾഡർമാരായ ബൈജു എസ് ചുള്ളിയിൽ, സുനിൽ കുമാർ കെ, സരിഗ ആർ സി ബാബു, ലെനിൻ ചന്ദ്രൻ, ജോസ് സണ്ണി, ലിസി ലാസർ എന്നിവരുടെയും നേതൃത്വത്തിലാണ് ധൻഫിൻ മാംഗല്യം നടന്നത്. വിവിധ രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

സമൂഹവിവാഹത്തിന് സാമ്പത്തിക ചെലവുകൾ മുഴുവനും വഹിച്ചത് ധനലക്ഷ്മി ഗ്രൂപ്പ് മാനേജ്മെന്റാണ്. ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനിക്ക് കേരളത്തിലുടനീളം 55 ഓളം ബ്രാഞ്ചുകളുണ്ട്. 2023 മാർച്ച് മാസത്തോടു കൂടി ധനലക്ഷ്മിയുടെ ശാഖകൾ കേരളത്തിന് പുറമെ തമിഴ്നാട്ടിലും കർണാടകയിലും മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലും പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് സിഎംഡി ഡോ. വിപിൻദാസ് പറഞ്ഞു

പ്രവാസി ക്ഷേമ പദ്ധതികൾക്ക് കേന്ദ്രസഹായം അനുവദിക്കണമെന്ന്

ഗഫൂർ ലില്ലീസ് (പ്രസിഡന്റ്), കെ.വി അബ്ദുൾ ഖാദർ (ജനറൽ സെക്രട്ടറി)

തൃശൂർ: സംസ്ഥാനത്തെ പ്രവാസി ക്ഷേമ പദ്ധതികൾക്ക് കേന്ദ്രസഹായം അനുവദിക്കണമെന്ന് തൃശൂരിൽ ചേർന്ന കേരള പ്രവാസി സംഘം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. കേരളത്തിലെ പ്രവാസി ക്ഷേമനിധി രാജ്യത്തിനാകെ മാതൃകയായ പദ്ധതിയാണ്. പുനരുധിവാസ പദ്ധതികൾക്ക് ബാങ്കുകൾ കൂടുതൽ ഉദാര സമീപനങ്ങൾ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

സിപിഎം പൊളിറ്റ് ബ്യൂറോ അംഗം എ.വിജയരാഘവൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രവാസി രംഗത്ത് മികച്ച സംഭാവനകൾ നൽകിയ പ്രവാസികളെ സമ്മേളനത്തിൽ ആദരിച്ചു. സിദ്ദിഖ് അഹമ്മദ് ,ജെ.കെ മേനോൻ, എം. ഷാനവാസ്, പ്രദീപ് ചേമ്പിൽ, കെ.ബി മുരളി എന്നിവരെയാണ് ആദരിച്ചത്.

ഭാരവാഹികളായി പ്രസിഡന്റ്-ഗഫൂർ ലില്ലീസ്, ജനറൽ സെക്രട്ടറി- കെ.വി അബ്ദുൾ ഖാദർ, ട്രഷറർ-ബാദുഷ കടലുണ്ടി, വൈസ് പ്രസിഡന്റുമാർ- സി.കെ കൃഷ്ണദാസ്, കെ.വി ജയകുമാർ, പീറ്റർ മാത്യു, ഇഎംപി അബൂബക്കർ, ഷാഫിജ. സെക്രട്ടറിമാർ-പി.സൈതാലിക്കുട്ടി, ആർ.ശ്രീകൃഷ്ണപിള്ള, പി.കെ അബ്ദുള്ള, സജീവ് തൈക്കാട്, എക്സി.അംഗങ്ങൾ: വി.കെ ഉമ്മർ പ്രശാന്ത് കൂട്ടാമ്പള്ളി, എം.യു. അഷറഫ് എന്നിവരെ തെരഞ്ഞെടുത്തു.

സ്ത്രീധന പീഡനം; പൊലീസ് ഉദ്യോഗസ്ഥനതിരേ കേസ്

മാള: പുത്തൻവേലിക്കര പൊലീസ് സ്റ്റേഷനിലെ സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥൻ മനോജ് ഫ്രാൻസീസിന് എതിരെയാണ് മാള പൊലീസ് കേസ് എടുത്തു. സ്ത്രീധനത്തിനായി ഭാര്യയെ ശാരീരികവും മാനസികവുമായി ഇയാൾ പീഡിപ്പിച്ചതായുള്ള പരാതിയുടെ അടിസ്ഥാനത്തിലാണ് മാള പൊലീസ് കേസ് എടുത്തിരിക്കുന്നത്. ആലുവ ആലങ്കാട് സ്വദേശിയായ മനോജ് വർഷങ്ങളായി വടമയിലെ സഹോദരന്റെ വീട്ടിലാണ് താമസിക്കുന്നത്. 2007ലാണ് മനോജിന്റെ വിവാഹം കഴിഞ്ഞത്.ഭാര്യയേയും മക്കളേയും ഇയാൾ നിരന്തരം പീഡിപ്പിക്കാറുണ്ടെന്ന് പരാതിയിൽ പറയുന്നു.മുൻകൂർ ജാമ്യത്തിനായി മനോജ് ഹൈക്കോടതിയെ സമീപിച്ചതായും അറിയുന്നു.

മയക്ക് മരുന്ന് കടത്ത് തടയാൻ ജാഗ്രതയോടെ എക്സൈസ്

ജില്ലയിൽ ലഹരി മാഫിയ സംഘം സജീവം

ഓണം വിൽപ്പനയ്ക്ക് പുതുവഴികൾ തേടി ഏജന്റുമാർ

തൃശൂർ: ഓണത്തിന്റെ ഭാഗമായി പൊലീസും എക്സൈസും തുടർച്ചയായി റെയ്ഡ് നടത്തുമ്പോഴും ജില്ലയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം വർധിക്കുന്നു. ഓണം ആഘോഷിക്കുന്നതിനുള്ള മയക്ക് മരുന്ന് കടത്താൻ പുതുവഴികൾ വിൽപനക്കാരും ഏജന്റുമാരും കണ്ടെത്തുമ്പോൾ എങ്ങനെയും തടയാൻ തയ്യാറെടുക്കുകയാണ് എക്സൈസ് ഉദ്യോഗസ്ഥർ.

കഞ്ചാവും സിന്തറ്റിക് ലഹരിമരുന്നുകളുമായി പിടിക്കപ്പെടുന്നവരിൽ കൂടുതലും പേരും യുവാക്കളാണ്. ലഹരിക്കൊപ്പം പണവും ലഭിക്കുന്നതാണ് ഇവരെ ഈമേഖലയിലേക്ക് ആകർഷിക്കുന്നത്. അറസ്റ്റിലാകുന്നവരിൽ ഭൂരിഭാഗവും 18-30 വയസുകാരാണ്. പിടിക്കപ്പെടുന്ന കേസുകളിൽ കൂടുതലും കഞ്ചാവും എംഡിഎംഎ പോലുള്ള സിന്തറ്റിക് ലഹരിവസ്തുക്കളുമാണ്. ആന്ധ്രപ്രദേശ്, ഒഡീഷ, കർണാടക എന്നിവിടങ്ങളിൽ നിന്നാണ് പ്രധാനമായും കഞ്ചാവ് സംസ്ഥാനത്തേക്കെത്തുന്നത്. ട്രെയിനാണ് പ്രധാന മാർഗം. ബാഗുകളിൽ കഞ്ചാവ് നിറച്ച് ആളൊഴിഞ്ഞ ബർത്തുകളിൽ ഇവ ഉപേക്ഷിച്ച് ഉടമ മാറി നിൽക്കാറാണ് പതിവ്. ലഹരി വസ്തുക്കൾ കൊച്ചിയിലെത്തിയതിന് ശേഷം ജില്ലയിലെത്തും. റോഡ് മാർഗവും ലഹരിവസ്തുക്കൾ എത്താറുണ്ടെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറയുന്നു.

ദിവസേന പുതിയ മാർഗങ്ങളാണ് ലഹരി കടത്തിനായി വിൽപനക്കാർ കണ്ടെത്തുന്നത്. ഇതിൽ ഏറ്റവും പുതിയ മാർഗമാണ് കൊറിയർ സർവീസ്. ട്രെയിനിലും ബസിലുമായി അതിർത്തി കടന്നു ജില്ലയിലെത്തിച്ചിരുന്ന ലഹരിവസ്തുക്കൾ ഇപ്പോൾ കൊറിയറിലാണ് എത്തുന്നത്. കൊറിയർ സർവീസുകൾ നിരവധിയുള്ളതിനാലും എല്ലാ പാഴ്സലുകളും പരിശോധിക്കാൻ കഴിയാത്തതിനാലും പിടികൂടുക പ്രയാസമാണെന്ന് എക്സൈസ് പറയുന്നു. ലഹരി കടത്തിന്റെ പണമിടപാടുകൾ ഡിജിറ്റൽ മാർഗമാണ് നടത്തുന്നത്. നേരിട്ടുള്ള ഇടപാടുകൾ നിലവിൽ ഇല്ല. ഡിജിറ്റൽ സംവിധാനങ്ങളിലൂടെ പണം കൈമാറിയതിന് ശേഷം സാധനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം അറിയിക്കും. ആവശ്യക്കാരൻ നേരിട്ട് പോയി എടുക്കുകയാണ് നിലവിലെ രീതി.

ഓണം സ്പെഷൽ ഡ്രൈവ്: 167 കേസ്; 180 പേർ അറസ്റ്റിൽ

ഓണക്കാലത്തോടനുബന്ധിച്ചുള്ള എക്സൈസ് വകുപ്പിന്റെ സ്പെഷൽ ഡ്രൈവിൽ മൂന്നാഴ്ചയ്ക്കുള്ളിൽ തൃശൂർ എക്സൈസ് സ്പെഷൽ സ്ക്വാഡ് റജിസ്റ്റർ ചെയ്തത് 51 ലഹരിമരുന്ന് കേസുകളും 107 അബ്കാരി കേസുകളും ഉൾപ്പെടെ മൊത്തം 158 കേസുകൾ. 20 ഗ്രാം എംഡിഎംഎയും എട്ട് കിലോയോളം കഞ്ചാവും പിടിച്ചെടുത്തു. 3000 ലിറ്റർ വാഷും 90 ലിറ്റർ ചാരായവും 400 ലിറ്റർ വിദേശമദ്യവും പിടികൂടി. ലഹരി മരുന്ന്-അബ്കാരി കേസുകളിലായി മൊത്തം 180 പേർ അറസ്റ്റിലായിട്ടുണ്ട്. തൃശൂർ എക്സൈസിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 5 അബ്കാരി കേസുകളും 4 ലഹരി മരുന്ന് കേസുകളുമടക്കം മൊത്തം 9 കേസുകൾ രജിസ്റ്റർ ചെയ്തു. യുവതിയടക്കം 10 പേർ അറസ്റ്റിലായി. സ്പെഷൽ ഡ്രൈവ് അടുത്ത മാസം 12 വരെ തുടരും. . 2 സ്ട്രൈക്കിങ് ഫോഴ്സ് ടീമുകളെ വാഹനപരിശോനയ്ക്കും പട്രോളിങ്ങിനുമായി നിയോഗിച്ചിട്ടുണ്ട്. പൊലീസ്, റവന്യൂ, റെയിൽവേ, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ തീരദേശം, റെയിൽവേ സ്റ്റേഷൻ, സ്കൂൾ പരിസരം, നൈറ്റ് പട്രോളിങ് തുടങ്ങിയവയും 12 വരെ കർശനമാക്കും.

“ പരിശോധന ഊർജിതം

ഓണത്തിന് മുന്നോടിയായി ജില്ലയിൽ എക്സൈസ് പരിശോധന ഊർജിതമാക്കിയിട്ടുണ്ട്. ഏതു മാർഗത്തിലൂടെയും ലഹരി വിൽപന തടയാനാണ് ശ്രമം. എക്സൈസിലെ മുഴുവൻ ഉദ്യോഗസ്ഥരും ലഹരി വിൽപന തടയാൻ രംഗത്തുണ്ട്. സംശയം തോന്നുന്ന എല്ലാ വാഹനങ്ങളും പരിശോധിക്കും. സംസ്ഥാന അതിർത്തിയിൽ പ്രത്യേക വാഹന പരിശോധന നടത്തുന്നുണ്ട്. സംശയം തോന്നുന്ന കൊറിയറുകൾ അറിയിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. ഓണക്കാലത്ത് അനധികൃത മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉൽപാദനം, വിപണനം എന്നിവ തടയുന്നതിന് ജനകീയ പങ്കാളിത്തവും വേണം.

-ഡി.ശ്രീകുമാർ
(അസി.എക്സൈസ് കമ്മീഷണർ, തൃശൂർ) ”

എം.ജി. നാരായണൻ അനുസ്മരണയോഗം

തൃശൂർ : അന്തരിച്ച കൊച്ചിൻ ദേവസ്വം ബോർഡ് അംഗം എം.ജി. നാരായണന്റെ അനുസ്മരണയോഗം തൃശൂർ ചിന്മയാമിഷൻ നീരാഞ്ജലി ഹാളിൽ വച്ച് നടത്തി. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് വി. നന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ എം.കെ. വർഗീസ്, ബോർഡ് അംഗം വി.കെ. അയ്യപ്പൻ, ദേവസ്വം കമ്മീഷണർ എൻ. ജ്യോതി, സെക്രട്ടറി പി.ഡി. ശോഭന, കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.കെ. ഷാജൻ, സി.പി.ഐ. മണ്ഡലം സെക്രട്ടറി അഡ്വ. കെ.വി. സുമേഷ്, പാറമേക്കാവ് ദേവസ്വം സെക്രട്ടറി ജി. രാജേഷ്, തിരുവമ്പാടി ദേവസ്വം സെക്രട്ടറി സി. വിജയൻ, വടക്കുന്നാഥൻ ദേവസ്വം ഉപദേശകസമിതി സെക്രട്ടറി ടി.ആർ.ഹരിഹരൻ, സി.ഡി.ഇ.ഒ. സെക്രട്ടറി പി.വി. സജീവൻ, പെരുവനം-ആറാട്ടുപുഴ പൂരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് എ. കുമാരൻ, പെരുവനം സതീശൻ മാരാർ, വിവേകാനന്ദ കോളേജ് മുൻ പ്രിൻസിപ്പാൾ ടി.ഡി. ശോഭ വിവിധ ക്ഷേത്രോപദേശക സമിതി അംഗങ്ങൾ തുടങ്ങിയവർ അനുസ്മരണപ്രഭാഷണം നടത്തി.

എം.ജി. നാരായണന്റെ വേർപാട് കൊച്ചിൻ ദേവസ്വം ബോർഡിന് തീരാത്ത നഷ്ടമാണെന്നും, തികച്ചും ജനകീയനായ ഒരു നേതാവായിരുന്നുവെന്നും പൊതുപ്രവർത്തനത്തിലും ക്ഷേത്രകാര്യങ്ങളിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച വ്യക്തിത്വമായിരുന്നുവെന്നും അദ്ദേഹത്തിന്റെ വേർപാട് നികത്താനാവാത്തതാണെന്നും സംസാരിച്ചവർ വിലയിരുത്തി.

തൃപ്രയാറിൽ സിപിഐ ജില്ലാസമ്മേളനത്തിന്റെ ഭാഗമായി നടന്ന പൊതുസമ്മേളനം പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

മാള ഹോളി ഗ്രേസിൽ എഡ്യൂക്കേഷൻ കൺസൾട്ടൻസി പ്രവർത്തനം ആരംഭിക്കുന്നു

മാള : മാള ഹോളി ഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ക്യാംപസിൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെ ബി എഡ്യൂഫൈ്ല എന്ന ഓവർസീസ് എഡ്യൂക്കേഷൻ കൺസൾട്ടൻസി പ്രവർത്തനം ആരംഭിക്കുന്നു. പ്ലസ് ടു, ഡിഗ്രി, പിജി കഴിഞ്ഞ വിദ്യാർഥികൾക്ക് വിദേശത്ത് പോയി പഠിക്കാനുള്ള ഫ്രീ കൗൺസലിംഗും കൺസൾട്ടിംഗും കൊടുക്കുന്നതിനായി ആരംഭിച്ചിരിക്കുന്ന ഈ പുതിയ സംരംഭത്തിൽ യു കെ, കാനഡ, ന്യൂസിലാൻഡ്, ഓസ്ട്രേലിയ, അയർലാൻഡ്, ലിത്വിയ തുടങ്ങി ഒട്ടനവധി വിദേശ രാജ്യങ്ങളിലേക്ക് പഠിക്കാൻ പോകുന്നതിനുള്ള കൗൺസലിംഗും കോഴ്സ് സെലക്ഷനും ആപ്ലിക്കേഷനും ഉൾപ്പെടെയുള്ള വിസ പ്രൊസസിംഗിനുള്ള എല്ലാ സൗകര്യങ്ങളും ഹോളി ഗ്രേസിൽ ലഭ്യമാണ്. ജർമ്മനി, ഇറ്റലി പോലുള്ള രാജ്യങ്ങളിൽ മുഴുവൻ സ്കോളർഷിപ്പോട് കൂടി പഠിക്കുന്നതിനുള്ള സൗകര്യം കൂടാതെ സൗജന്യ കരിയർ ഗൈഡൻസ് ക്ലാസുകളും ക്യാംപസ് പ്ലെയ്സ്മെന്റ് ട്രെയിനിംഗും ലഭ്യമാണ്. 10 ാം ക്ലാസ് കഴിഞ്ഞവർക്കും ക്യാംപസിന് പുറത്ത് നിന്നുള്ളവർക്കും ഈ സൗകര്യങ്ങൾ ലഭ്യമാണെന്ന് ചെയർമാൻ സാനി എടാട്ടുകാരൻ, സി വി ജോസ്, സി കെ കുമാർ, വിവേക് ജോൺ തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

പനമ്പിള്ളി കോളെജ് വികസനത്തിന് 40.8 ലക്ഷം രൂപ

ചാലക്കുടി: പനമ്പിള്ളി മെമ്മോറിയൽ ഗവ.കോളെജിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി 40.8 ലക്ഷം രൂപയുടെ അനുമതി ലഭിച്ചതായി സനീഷ്കുമാർ ജോസഫ് എംഎൽഎ അറിയിച്ചു. കോളെജ് ചുറ്റുമതിലിന്റെ അറ്റകുറ്റപണികൾക്കും പെയിന്റിങ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 27,40,000 രൂപയും വിവിധ ഡിപ്പാർട്ട്മെന്റുകളിലെ കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് 13,42,000 രൂപയുടെയും അനുമതിയാണ് ലഭിച്ചത്.

നിയോജക മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ഇവിടെ സെപ്തംബർ മാസത്തോടെ നാക് സമിതിയുടെ സന്ദർശനമുണ്ടാകും.

ഭിന്നിച്ചു നിൽക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഒന്നിക്കണം: പന്ന്യൻ രവീന്ദ്രൻ

തൃപ്രയാർ : ഭിന്നിച്ചു നിൽക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഒന്നിച്ചു നിന്നാൽ മാത്രമേ ഫാസിസ്റ്റ് വർഗീയ ശക്തികളെ ഇന്ത്യയിൽ നിന്ന് തുരത്താൻ സാധിക്കുകയുള്ളൂവെന്ന് സിപിഐ ദേശീയ കൺട്രോൾ കമ്മിഷൻ ചെയർമാൻ പന്ന്യൻ രവീന്ദ്രൻ. അതിന് എല്ലാ ഇടതുപക്ഷ പാർട്ടികളും ഒരുമിച്ചു ശ്രമിക്കണം. സിപിഐ അതിന്റെ നേതൃത്വം ഏറ്റെടുക്കാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

സിപിഐ ജില്ലാ സെക്രട്ടറി കെ കെ വത്സരാജ് അധ്യക്ഷത വഹിച്ചു. സംഘാടകസമിതി ചെയർമാൻ വി.എസ്. സുനിൽകുമാർ സ്വാഗതം പറഞ്ഞു. മന്ത്രി കെ രാജൻ, ദേശീയ കൗൺസിൽ അംഗം സി.എൻ ജയദേവൻ, സംസ്ഥാന കൗൺസിൽ അംഗങ്ങളായ പി. ബാലചന്ദ്രൻ എംഎൽഎ, ഷീല വിജയകുമാർ, എം.സ്വർണലത, കെ ശ്രീകുമാർ, ടി.ആർ രമേഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

പരിശീലനത്തിനായി ഗ്രൗണ്ട് ലഭിച്ചില്ല; കേരള ഫുട്ബോൾ താരങ്ങൾ മടങ്ങി പോയി

കുന്നംകുളം: പരിശീലനത്തിനായി കുന്നംകുളം ഗവ.ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട് ലഭിക്കാത്തതിനെ തുടർന്ന് സന്തോഷ് ട്രോഫി താരങ്ങൾ ഉൾപ്പെടെയുള്ള കേരള ഫുട്ബോൾ ടീം താരങ്ങൾ മടങ്ങി പോയി. കേരള ഫുട്ബോൾ അസോസിയേഷനാണ് കുന്നംകുളം ഗവ. ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഫുട്ബോൾ പരിശീലനം നടത്താൻ തിരുമാനിച്ചിരുന്നത്. എന്നാൽ കേരള ഫുട്ബോൾ അസോസിയേഷനും സംസ്ഥാന സ്കൂൾ കായിക വകുപ്പും തമ്മിലുള്ള ആശയക്കുഴപ്പമാണ് സ്കൂൾ ഗ്രൗണ്ട് അനുവദിക്കുന്നതിന് തടസമായത്.

ഗ്രൗണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ താരങ്ങൾ മടങ്ങി പോകുകയായിരുന്നു. സന്തോഷ് ട്രോഫി ക്യാപ്റ്റൻ ജിജോ ജോസഫ് ഉൾപ്പെടെയുള്ള താരങ്ങളാണ് പുൽമൈതാനമുള്ള സ്കൂൾ ഗ്രൗണ്ടിൽ ഒരു മാസത്തെ പരിശീലനത്തിനായി കഴിഞ്ഞ ദിവസം കുന്നംകുളത്ത് എത്തിയത്. ഇതേ തുടർന്ന് താരങ്ങൾക്ക് താമസിക്കാൻ മുറികളും ബുക്ക് ചെയ്തിരുന്നു. പൂട്ടിക്കിടക്കുന്ന ഗ്രൗണ്ട് തുറന്നു നൽകാനായി അധികൃതരെ സമീപിച്ചപ്പോഴാണ് സംഭവം സ്കൂൾ അധികൃതർ അറിയുന്നത്.

സ്കൂൾ കായിക വകുപ്പ് മേധാവിയുമായി ഇവർ ബന്ധപ്പെട്ടതിനെ തുടർന്ന് ഫുട്ബോൾ അസോസിയേഷന്റെ അഭ്യർത്ഥന പ്രകാരം തിരുവനന്തപുരത്തും എറണാകുളത്തുമാണ് പരിശീലനം നടത്താൻ ഗ്രൗണ്ടുകൾ വിട്ടു നൽകിയിട്ടുള്ളതെന്നും കുന്നംകുളം ബോയ്സ് സ്കൂൾ ഗ്രൗണ്ട് വിട്ടുനൽകേണ്ടതില്ലന്നും കായിക വകുപ്പ് മേധാവി അറിയിച്ചു.

ഗ്രൗണ്ട് വിട്ടുനൽകാൻ സ്കൂൾ അധികൃതർക്ക് യാതൊരു നിർദ്ദേശവും ലഭിച്ചിരുന്നില്ല. ഗ്രൗണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ കുന്നംകുളത്ത് താമസിക്കാൻ മുറിയെടുത്ത് ബുക്ക് ചെയ്ത താരങ്ങൾ പരിശീലനം ഉപേക്ഷിച്ച് മടങ്ങുകയായിരുന്നു. ഫുട്ബോൾ താരങ്ങൾക്ക് ഗ്രൗണ്ട് വിട്ടുകൊടുക്കുന്നതിൽ സന്തോഷം മാത്രമേയുള്ളൂവെന്ന് സ്കൂൾ ഹെഡ്മാസ്റ്റർ സോമൻ പറഞ്ഞു. ഇത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിൽ നിന്നോ, കായിക വകുപ്പിൽ നിന്നോ യാതൊരു വിധ അറിയിപ്പും സ്കൂളിന് ലഭിച്ചിട്ടില്ല. സ്കൂൾ വിദ്യാർഥികൾക്കുള്ള ഫുട്ബോൾ പരിശീലനം രാവിലെയും വൈകിട്ടും ഗ്രൗണ്ടിൽ നടക്കുന്നുണ്ട്. പകൽ സമയങ്ങളിൽ പരിശീലനം നൽകുന്നതിന് ഗ്രൗണ്ട് വിട്ടുകൊടുക്കാൻ സ്കൂളിന് യാതൊരു മടിയുമില്ല. എന്നാൽ യാതൊരു അറിയിപ്പും ലഭിക്കാത്ത സാഹചര്യത്തിലാണ് ഗ്രൗണ്ട് വിട്ടുകൊടുക്കാതിരുന്നത്. ഫുട്ബോൾ താരങ്ങളെ അപമാനിക്കുകയോ, അവഹേളിക്കുകയോ ചെയ്തിട്ടില്ലെന്നും അവരോട് ആദരവും ബഹുമാനവുമാണ് സ്കൂളിനുള്ളതെന്നും ഹെഡ്മാസ്റ്റർ കൂട്ടിച്ചേർത്തു.

POONAWALLA HOUSING FINANCE
Apna Ghar, Apni Pehchan

പൂനാവാല്ല ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
(മുൻപ് മാഗ്മ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത്)
രജിസ്റ്റേർഡ് ഓഫീസ്: 602, 6TH ഫ്ലോർ, സീറോ വൺ ഐറ്റി പാർക്ക്, എസ്.ആർ നമ്പർ. 79/1, ഘോർപ്പടി, മുന്ദവാ റോഡ്, പൂനെ 411036. ഓഫീസ് യൂണിറ്റ് - ദി ഓവൽ, സെക്കൻഡ് ഫ്ലോർ, വെങ്കടനാരായണ റോഡ്, റ്റി നഗർ, ചെന്നൈ, 600017

ഇ- ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷനും റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ സെക്യൂരിറ്റി ആക്റ്റ് , 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് എൻഫോഴ്സ്മെന്റ് (ഇനിമുതൽ 'നിയമം' എന്ന് വിളിക്കുന്നു) പ്രകാരം [illegible] www.poonawallahousing.com.

പ്രൊപ്പോസൽ നമ്പർ. കസ്റ്റമറുടെ പേര് (A)	ഡിമാൻഡ് നോട്ടീസ് തിയതികുടിശ്ശിക തുക (B)	ജപ്തിയുടെ സ്വഭാവം (C)	പ്രോപ്പർട്ടിയുടെ വിശദാംശങ്ങൾ (D)	റിസർവ് തുക (E)	ഇഎംഡി (ആർ പി യുടെ 10%) (F)	ഇഎംഡി സമർപ്പിക്കേണ്ട തിയതി (G)	ബിഡ് ഇൻക്രിമെൻറ് (H)	പ്രോപ്പർട്ടി പരിശോധന തിയതി & സമയം (I)	ലേല തിയതി , സമയം (J)	അറിയപ്പെടുന്ന ബാധ്യത കൾ ഉണ്ടെങ്കിൽ (K)
ലോൺ അക്കൗണ്ട് നമ്പർ HL/0028/H/13/100141 ഉണ്ണികൃഷ്ണൻ (വായ്പ്പക്കാരൻ), പാർവതി (സഹവായ്പ്പക്കാരൻ)	നോട്ടീസ് തിയതി: 28/09/2017 Rs. 19,89,235/- [illegible] 14.07.2017 വരെയുള്ള തുക [illegible]	ഫിസിക്കൽ	പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ തൃക്കടേരി പഞ്ചായത്തിൽ റിസർവെ നമ്പർ 233/3 (പഴയ സർവെ നമ്പർ 192/4, 192/6, 193/9, 213/3 & 213/4) ലെ 2.83 ആർസ് സ്ഥലവും അതിലെ 6/173 എന്ന നമ്പറിലുള്ള കെട്ടിടവും മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ.	Rs. 20.56.433/- [illegible]	Rs. 205,643/- [illegible]	12/09/2022 വൈകിട്ട് അഞ്ച് മണിക്ക് മുമ്പ്	10,000/-	06/09/2022 (രാവിലെ 11നും വൈകിട്ട് 4നും ഇടയിൽ)	13/09/2022 (രാവിലെ 11നും ഉച്ചയ്ക്ക് 2നും ഇടയിൽ)	ഇല്ല

കൂടുതൽ വിവരങ്ങൾക്കും സംശയങ്ങൾക്കും, അംഗീകൃത ഓഫീസർ മിസ്റ്റർ ഉജ്ജ്വാൽ ആലം (മൊബൈൽ # 9958195453)ബന്ധപ്പെടുക

[illegible] ലിമിറ്റഡ് - #203, രണ്ടാം നില, ശ്രീ ശ്യാം പാലസ്, സെക്ടർ: 4&5 ക്രോസിംഗ്, റെയിൽവേ റോഡ്, ഗുരുഗ്രാം 122 006 [illegible] +91 93100 29933/+91 98100 29926 (TEL) +91 124 4 233 933. ഇമെയിൽ ഐഡി:- CSD@DisposalHub.Com. (CSD) സെൽ നമ്പർ. (എം) : +91 93100 29933/+91 98100 29926 (TEL) +91 124 4 233 933. [illegible] NEFT/RTGS/DD [illegible] (EMD) [illegible] അക്കൗണ്ട് നമ്പർ-00651000460, IFSC കോഡ്- ICIC0000006, 20, ആർ എൻ മുഖർജി റോഡ്- കൊൽക്കത്ത-700001 [illegible] 21/05/2022 [illegible] https://DisposalHubJDCom-ൽ [illegible] ശ്രീ സുധീർ എം. വിലാസം- ദി ഓവൽ, രണ്ടാം നില, വെങ്കിടനാരായണ റോഡ്, ടി. നഗർ, ചെന്നൈ 600 017 - 560002. മൊബൈൽ നമ്പർ. +91 8129999559, ഇ-മെയിൽ ഐഡി സുധീർ.എം @poonawallahousing.com [illegible]

തിയതി: 25.08.2022
സ്ഥലം: കേരളം

അംഗീകൃത ഓഫീസർ പൂനവല്ലഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
(മുമ്പ് മാഗ്മ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത്)